ഹദീസ്

നൗഷാദ് ചേനപ്പാടി

# വെള്ളം നൽകുന്നതിന്റെ, കിണർ കുഴിക്കുന്നതിന്റെ മഹത്വം

روى أَبُو دَاود أَنَّ سَعْدًا أَتَى النَّبِيَّ صَلَّى الله عَلَيْهِ وَسَلّم فقَالَ: أَيُّ الصَّدَقَةِ أَعْجَبُ إِلَيْكَ؟ قَالَ : الْمَاءُ . وَفِي رِوَايَةٍ فَحفَرَ بِئْرًا فقَالَ : هَذِهِ لِأُمّ سَعْد.

**സഅ്ദു ബ്നു ഉബാദ (റ) നബി(സ)യുടെ അടുത്തു വന്ന് ചോദിച്ചു: 'അങ്ങേക്ക് ഏറ്റവും ഇഷ്ടപ്പെട്ട ദാനം ഏതാണ്?' അവിടുന്ന് പറഞ്ഞു: 'വെള്ളം കൊടുക്കൽ.' ഒരു രിവായത്തനുസരിച്ച്, ഉമ്മു സഅ്ദ് മരണപ്പെട്ടപ്പോൾ അദ്ദേഹം ഇത് നബി(സ)യോട് ചോദിക്കുകയും ഈ മറുപടി അദ്ദേഹത്തോട് പറയുകയും ചെയ്തു എന്നു കാണാം. അങ്ങനെ സഅ്ദ് ഒരു കിണർ കുഴിച്ച് ഇങ്ങനെ പറഞ്ഞു: 'ഇത് ഉമ്മു സഅ്ദിനു വേണ്ടിയുള്ളതാണ്' (അബൂദാവൂദ്, ഇബ്നുമാജ:, നസാഈ എന്നീ ഹദീസ് ഗ്രന്ഥങ്ങളിൽ ഉദ്ധരിച്ച ഹദീസ്).**

നബി(സ)ക്ക് ഏറ്റവും ഇഷ്ടമുണ്ടായിരുന്ന ശ്രേഷ്ഠമായ സ്വദഖ വെള്ളം ദാനം ചെയ്യലാണെന്ന് ഈ ഹദീസ് പഠിപ്പിക്കുന്നു. വിശേഷിച്ചും വേനൽക്കാലത്തും ജനങ്ങളെ വെള്ളക്ഷാമം പിടികൂടുമ്പോഴും. ദാഹിച്ചുവന്ന ഒരാൾക്ക് വെള്ളം നൽകിയാൽ സ്വർഗത്തിലെ 'റഹീഖുൽ മഖ്ത്തൂമി'ൽ അല്ലാഹു അവനെ കുടിപ്പിക്കുന്നതാണെന്ന് മറ്റൊരു ഹദീസിലും കാണാം. ദാഹിച്ച ഏത് മനുഷ്യനു വെള്ളം നൽകിയാലും അല്ലാഹുവിങ്കൽ മഹത്തായ പ്രതിഫലം ഉണ്ടാകും. ദാഹിച്ചു വലഞ്ഞ നായക്ക് വെള്ളം കൊടുത്തതിനാൽ ഒരാൾ സ്വർഗസ്ഥനായി എന്ന് വേറൊരു ഹദീസിലും വന്നിട്ടുണ്ട്.

عَنْ أَبي هريرة أَنَّ رَسُول اللَّه صلى الله عليه وسلم قَالَ: بَيْنَما رَجُلٌ يَمْشِي بطَرِيقٍ اشْتَدَّ عليْهِ الْعَطشُ، فَوجد بِئراً فنزلَ فِيهَا فَشَرب، ثُمَّ خَرجَ فإِذا كلْبٌ يلهثُ يأْكُلُ الثَّرَى مِنَ الْعَطَشِ، فَقَالَ الرَّجُلُ: لَقَدْ بلَغَ هَذَا الْكَلْبُ مِنَ العطشِ مِثْلَ الَّذِي كَانَ قَدْ بَلَغَ مِنِّي، فَنَزَلَ الْبِئْرَ فملأَ خُفَّه مَاءً ثُمَّ أَمْسَكَه بِفيهِ، حتَّى رقِيَ فَسقَى الْكَلْبَ، فَشَكَرَ اللَّهُ لَه فَغفَرَ لَه. قَالُوا: يَا رسولَ اللَّه إِنَّ لَنَا في الْبهَائِم أَجْراً؟ فقَالَ: في كُلِّ كَبِدٍ رَطْبَةٍ أَجْرٌ

അബൂഹുറയ്റയിൽനിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: ''ഒരാൾ നടന്നുപോകവെ കഠിനമായ ദാഹമനുഭവപ്പെട്ടു. അങ്ങനെ അയാൾ ഒരു കിണറ്റിലിറങ്ങി വെള്ളം കുടിച്ചു. പുറത്തെത്തിയപ്പോൾ അവിടെയതാ ഒരു നായ ദാഹംകൊണ്ട് മണ്ണു കപ്പുന്നു. അയാൾ കരുതി, എനിക്കുണ്ടായ ദാഹമാണല്ലോ ഇതിനും ഉണ്ടായിട്ടുള്ളത്. ഉടനെ അയാൾ തന്റെ ഷൂവിൽ വെള്ളം നിറച്ച് അത് കടിച്ചുപിടിച്ച് കയറിവന്ന് നായയെ കുടിപ്പിച്ചു. അപ്പോൾ അല്ലാഹു അദ്ദേഹത്തോട് നന്ദി കാണിക്കുകയും അയാളുടെ പാപങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്തു. അനുചരന്മാർ ചോദിച്ചു: 'മൃഗങ്ങൾക്കു ഗുണം ചെയ്താലും ഞങ്ങൾക്കു പ്രതിഫലം ഉണ്ടാകുമോ?' അവിടുന്ന് പ്രതിവചിച്ചു: അതേ, പച്ചക്കരളുള്ള ഏത് ജീവിക്ക് ഗുണം ചെയ്താലും പ്രതിഫലമുണ്ടാകും'' (ബുഖാരി, മുസ്‌ലിം).

മനുഷ്യരുടെ മാത്രമല്ല മറ്റു ജീവികളുടെയും ദാഹമകറ്റുന്നതിന്റെ പ്രതിഫലം എത്ര വലുതും മഹത്തരവുമാണെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു. ഒരു മുസ്‌ലിമിന്റെ ആത്യന്തിക ലക്ഷ്യം ഈ ലോകത്തു വെച്ച് ചെയ്ത പാപങ്ങൾ പൊറുക്കപ്പെടുകയും അങ്ങനെ സ്വർഗം നേടുകയും ചെയ്യുക എന്നതാണല്ലോ. ഒരു നായക്ക് ഒരു നേരത്തെ വെള്ളം കൊടുത്ത് അതിന്റെ ദാഹമകറ്റിയവന്റെ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുത്തെങ്കിൽ കാലാകാലം നിരവധി മനുഷ്യരുടെ ദാഹമകറ്റുന്നതിന് വെള്ളം കൊടുക്കുന്നതിന്റെയും കിണറുകൾ കുഴിച്ചുകൊടുക്കുന്നതിന്റെയും പ്രതിഫലം എത്രമാത്രം വലുതും മഹത്തരവുമായിരിക്കും! അതിന് അനുബന്ധമായി നബി(സ) ഇസ്‌ലാമിന്റെ ഒരടിസ്ഥാന തത്ത്വം കൂടി വ്യക്തമാക്കിയിരിക്കുന്നു; പച്ചക്കരളുള്ള അഥവാ ജീവനുള്ള ഏത് സൃഷ്ടിക്ക് ഗുണം ചെയ്താലും പ്രതിഫലമുണ്ടായിരിക്കും എന്ന്.

ഇതിൽനിന്നെല്ലാം വെള്ളം കൊടുക്കുന്നതിന്റെ ശ്രേഷ്ഠതയും മഹത്വവും എത്രയാണെന്ന് ഗ്രഹിക്കാമല്ലോ; അതിന്റെ പ്രതിഫലവും. അറബികൾ ഈ ദാനത്തിന് വളരെയേറെ പ്രാധാന്യം കൊടുക്കാറുണ്ട്. വിദേശരാജ്യങ്ങളിൽ കിണർ കുഴിക്കാൻ അവർ സംഭാവനകൾ അയച്ചുകൊടുക്കാറുമുണ്ട്. ഇതിന്റെ പ്രാധാന്യം വേണ്ടവണ്ണം മനസ്സിലാക്കാത്തതുകൊണ്ടാവണം നമ്മുടെ നാട്ടിലെ സമ്പന്നന്മാർ ഈ സ്വദഖക്കു വേണ്ട പരിഗണന കൊടുക്കാത്തത്. ഇമാമുമാരും ഖത്വീബുമാരും ഈ ഹദീസുകൾ ഉദ്ധരിച്ചുകൊണ്ട് അതിനവർക്ക് പ്രേരണ നൽകണം. ●